**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ശുചിത്വമിഷൻ- മുൻ എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന പരേതനായ ശ്രീ. എ.ഫിറോസിന്റെ അധിക അന്യത്ര സേവന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.3840/2017/തസ്വഭവ. തിരുവനന്തപുരം, തീയതി: 28/11/2017**

---

പരാമർശം:- 1) 29.12.2015 ലെ ജി .ഒ. (ആർ ടി ) നം.9187/15/GAD സർക്കാർ ഉത്തരവ്.
2) 12.02.2016 തീയ്യതിയിലെ സ.ഉ.(സാധാ) നം.604/2017/ത.സ്വ.ഭ.വ. ഉത്തരവ്.
3) 21.04.2016 തീയ്യതിയിലെ സ.ഉ.(സാധാ) നം.1495/2017/ത.സ്വ.ഭ.വ. ഉത്തരവ്.
4) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18-3-2017, 07.04.2017 & 2.6.17 ലെ 3942/ബി/2016/എസ്.എം. നം. കത്ത്.

ഉത്തരവ്

മേൽ പരാമർശം (1) ഉത്തരവ് പ്രകാരം ഐ & പിആർഡി ഡയറക്ടറായിരുന്ന പരേതനായ ശ്രീ. എ. ഫിറോസിനെ ശുചിത്വ മിഷനിൽ ഡയറക്ടറായി വർക്കിങ് അറേഞ്ച്മെന്റിൽ നിയമിക്കുകയുണ്ടായി. പരാമർശം (2) ഉത്തരവ് പ്രകാരം ടിയാനെ നിയമിക്കുന്നതിന് ശുചിത്വ മിഷനിൽ ഡയറക്ടറുടെ സൂപ്പർ ന്യൂമറി തസ്തിക സൃഷ്ടിക്കുകയും പരാമർശം (3) ഉത്തരവ് പ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ടി. തസ്തികയിൽ നിയമിക്കുകയും ചെയ്തിരുന്നു. ടിയാൻ 01.03.2016 മുതൽ ശുചിത്വ മിഷനിൽ ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെടുകയും ,03.01.2017 മുതൽ മെഡിക്കൽ ഗ്രൗണ്ടിൽ ഹാഫ് പേ ലീവിൽ പ്രവേശിക്കുകയും 18.03.2017 ൽ ലീവിലിരിക്കെ മരണപ്പെടുകയുമുണ്ടായി.

പരാമർശം (4 ) കത്തുകൾ പ്രകാരം ശുചിത്വ മിഷൻ ഡയറക്ടർ സമർപ്പിച്ച ടിയാന്റെ അധിക അന്യത്ര സേവന കാലാവധി ക്രമീകരണത്തിനുള്ള ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു.

ശുചിത്വ മിഷന്റെ മുൻ എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന പരേതനായ ശ്രീ. എ. ഫിറോസിന്റെ 01/03/2017 മുതൽ 18/03/2017 വരെയുള്ള അധിക അന്യത്രസേവന സേവന കാലയളവ് കെ.എസ്.ആർ ഭാഗം-I ചട്ടം 154 പ്രകാരം അന്യത്ര സേവനകാലമായി കണക്കാക്കി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**

**ലീന എൻ പി**
**ഗവ. അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
ഡയറക്ടർ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൻ.ബി.എ) കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ (ഡെവ.) വകുപ്പ് ( ഡെവ-1/210/2017-ഫിൻ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ